I/397924/2023

ഭരണഭാഷ - മാതൃഭാഷ

നം: ഡി.ജി.ഇ/9776/2023-എൻ2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 05-08-2023
ഇ-മെയിൽ : supdtn.dge@kerala.gov.in

സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം -സ്കോളർഷിപ്പ് വിഭാഗം - കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം - ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് / ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ് - 2022-23 - SNO/DNO/HoI/INO/അപേക്ഷകൻ - എന്നിവരുടെ ബയോമെട്രിക് ആതന്റിക്കേഷൻ നടത്തുന്നത് - സംബന്ധിച്ച്

സൂചന :- 1. 28/07/2023 ലെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ കത്ത് നമ്പർ SS-15/8/2022-scholarship-MoMA

2. 01/08/2023 ലെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ D.O. No. SS-15/8/2022-scholarship-MoMA

****

കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം ആവിഷ്കരിച്ച് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികളാണ് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, ബീഗം ഹസ്രത് മഹൽ നാഷണൽ സ്കോളർഷിപ്പ് എന്നിവ. പ്രസ്തുത സ്കോളർ ഷിപ്പ് പദ്ധതികൾ പ്രകാരം 2022-23 വർഷത്തിൽ അതത് സ്കോളർഷിപ്പുകളുടെ അർഹതാ വിഭാഗത്തിൽപ്പെട്ട കുട്ടികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും ആയതിലുള്ള INO/SNO ലെവൽ വെരിഫിക്കേഷൻ പൂർത്തിയാക്കുകയും ചെയ്തിരുന്നു. ഇപ്രകാരം വെരിഫിക്കേഷൻ പൂർത്തിയാക്കിയ അപേക്ഷകളിൽ, അപേക്ഷകന്റെ ബയോമെട്രിക് ഓതന്റിക്കേഷൻ കൂടി നടത്തുന്നതിനും അതോടൊപ്പം പ്രസ്തുത അപേക്ഷകൾ വെരിഫിക്കേഷൻ നടത്തിയ സ്ഥാപനങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ, സ്ഥാപന മേധാവി, (INO/HoI) , ജില്ലാ നോഡൽ ഓഫീസർ, സ്റ്റേറ്റ് നോഡൽ ഓഫീസർ (DNO/SNO) എന്നിവരും ബയോമെട്രിക് ആതന്റിക്കേഷൻ പൂർത്തിയാക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം ബയോമെട്രിക് ആതന്റിക്കേഷൻ പൂർത്തിയാക്കുന്നതിലേക്ക് ചുവടെ ചേർക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. 2022-23 വർഷത്തിൽ അപേക്ഷയോടൊപ്പം ആധാർ വിവരങ്ങൾ സമർപ്പിക്കാത്ത കുട്ടികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ലോഗിൻ ചെയ്ത് ആധാർ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. 18 വയസ്സിൽ താഴെ (01.07.2022 തീയതിയിൽ) പ്രായമുള്ള കുട്ടികൾക്ക് ആധാർ ഇല്ലാത്ത സാഹചര്യത്തിൽ രക്ഷകർത്താവിന്റെ ആധാർ നൽകിയാൽ മതിയാകുന്നതാണ്. ഇപ്രകാരം ആധാർ അപ്ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി 2023 ആഗസ്റ്റ് 10 വരെയായിരിക്കും.

2. 2022-23 വർഷത്തിൽ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനും (ഫ്രഷ്/റിന്യൂവൽ), ബീഗം ഹസ്രത് മഹൽ നാഷണൽ സ്കോളർഷിപ്പിനും അപേക്ഷ സമർപ്പിച്ചിട്ടുള്ള കുട്ടികളുടെ അപേക്ഷകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം വെരിഫിക്കേഷൻ നടത്തിയ INO, HoI, DNO, SNO

I/397924/2023

എന്നിവർ ആദ്യഘട്ടത്തിൽ മേൽ പ്രകാരമുള്ള ബയോമെട്രിക് ആതന്റിക്കേഷൻ ചുവടെ ചേർക്കുന്ന സമയപരിധിക്കുള്ളിൽ നടത്തേണ്ടതാണ്.

പ്രവർത്തനം	സമയപരിധി
SNO/DNO മാരുടെ വെരിഫിക്കേഷൻ	2023 ആഗസ്റ്റ് 1 മുതൽ 5 വരെ
INO & HoI മാരുടെ വെരിഫിക്കേഷൻ	2023 ആഗസ്റ്റ് 5 മുതൽ 10 വരെ

3. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരമുള്ള അപേക്ഷയോടൊപ്പം ആധാർ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത കുട്ടികൾക്ക്, ആയത് സ്കൂൾ തലത്തിൽ അപ്ഡേറ്റ് ചെയ്ത് നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ ജാഗ്രത പുലർത്തേണ്ടതും, ആവശ്യമെങ്കിൽ സ്കൂൾ/ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ ലാബ് സംവിധാനങ്ങൾ ഇതിലേക്ക് ലഭ്യമാകുന്നതിന് സ്കൂൾ മേധാവി നടപടി സ്വീകരിക്കേണ്ടതുമാണ്. അതോടൊപ്പം സ്കൂൾ മേധാവിയുടെ വിവേചനാധികാരത്തിന് വിധേയമായി ആവശ്യമെങ്കിൽ എസ്.ഐ.റ്റി.സി.മാരുടെ സേവനവും ഇതിലേക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്.

4. 2022-23 വർഷം മുതൽക്ക് ആധാർ ലിങ്ക് ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ട് വഴി മാത്രം കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികൾ പ്രകാരമുള്ള സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനാൽ, അപേക്ഷകന്റെ ആധാർ നിർബന്ധമായും ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കണം.

5. ജില്ലാ നോഡൽ ഓഫീസർമാരുടെ (DNO) ബയോമെട്രിക് ആതന്റിക്കേഷൻ നടപടികൾ സ്റ്റേറ്റ് നോഡൽ ഓഫീസറുടെ (SNO) നേതൃത്വത്തിലും, ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ, സ്ഥാപന മേധാവി, എന്നിവരുടെ (INO/HoI) ബയോമെട്രിക് ആതന്റിക്കേഷൻ ജില്ലാ നോഡൽ ഓഫീസറുടെ (DNO) നേതൃത്വത്തിലും നിർവ്വഹിക്കേണ്ടതാണ്.

6. ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ, സ്ഥാപന മേധാവി, (INO/HoI) എന്നിവരുടെ ബയോമെട്രിക് ഓതന്റിക്കേഷൻ നടത്തുന്നതിന് ജില്ലാതലത്തിൽ (ഡി.ഇ.ഒ. തലത്തിൽ/ബി.ആർ.സി തലത്തിൽ) സൗകര്യപ്രദമായ സ്ഥലം തെരഞ്ഞെടുത്ത് പ്രത്യേകം ക്യാമ്പ് സംഘടിപ്പിക്കുന്നതിലേക്ക് ആവശ്യമായ നടപടികൾ ജില്ലാ നോഡൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

7. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം അപേക്ഷകളുടെ വെരിഫിക്കേഷൻ പൂർത്തിയാക്കിയ സ്കൂൾ/സ്ഥാപനങ്ങളിൽ പ്രത്യേകം ക്യാമ്പുകൾ സംഘടിപ്പിച്ച് അപേക്ഷകരായ കുട്ടികളുടെ ബയോമെട്രിക് ഓതന്റിക്കേഷൻ നടത്തേണ്ടതാണ്. ഇതിലേക്കുള്ള പ്രവർത്തനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ (INO), സ്ഥാപന മേധാവി (HoI) എന്നിവരുടെ നേതൃത്വത്തിൽ നിർവ്വഹിക്കേണ്ടതാണ്.

8. ബയോമെട്രിക് ഓതന്റിക്കേഷൻ നടത്തേണ്ട അപേക്ഷകൻ, നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം അപേക്ഷകൾ വെരിഫിക്കേഷൻ നടത്തിയ സ്ഥാപനങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ, സ്ഥാപന മേധാവി, ജില്ലാ നോഡൽ ഓഫീസർ എന്നിവർ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലുള്ള രജിസ്ട്രേഷൻ ഐ.ഡി. ആധാർ എന്നിവ കൈവശം സൂക്ഷിക്കേണ്ടതാണ്.

9. മേൽ പ്രകാരം ബയോമെട്രിക് ഓതന്റിക്കേഷൻ നടത്തുന്നതിന് കോമൺ സർവ്വീസ് സെന്ററുകളെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇതിലേക്ക് യാതൊരു തരത്തിലുള്ള ഫീസുകളും ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലോ ജില്ലാതലത്തിലോ പ്രസ്തുത സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകേണ്ടതില്ല.

10. സ്ഥാപന മേധാവി (HoI), ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ (INO) എന്നിവരുടെ ബയോമെട്രിക്

I/397924/2023

ഓതന്റിക്കേഷനായി, ജില്ലാ നോഡൽ ഓഫീസർമാർ അതത് ജില്ലകളിലെ കോമൺ സർവ്വീസ് സെന്ററിന്റെ ജില്ലാ കോ-ഓർഡിനേറ്റർമാരുമായി ചേർന്ന് ജില്ലാവിദ്യാഭ്യാസ ഓഫീസ് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.

11. അപേക്ഷകരുടെ ബയോമെട്രിക് ഓതന്റിക്കേഷനായി സ്കൂൾ തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലേക്ക് അതത് സ്ഥാപന മേധാവികൾ (സി.എസ്.സി ജില്ലാ മാനേജർമാരുമായി ബന്ധപ്പെട്ട്) ഇതിലേക്കുള്ള സൗകര്യം ഒരുക്കേണ്ടതും, ആയത് ചുവടെ ചേർക്കുന്ന സമയ പരിധിക്കുള്ളിൽ പൂർത്തിയാകേണ്ടതുമാണ്. ജില്ലാ നോഡൽ ഓഫീസർമാർ ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ ക്യാമ്പുകൾ സമയബന്ധിതമായി സംഘടിപ്പിക്കുന്നുണ്ട് എന്നത് പരിശോധിക്കേണ്ടതും, ഇതിലേക്കുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുമാണ്.

പ്രവർത്തനം	സമയപരിധി
അപേക്ഷകരുടെ ബയോമെട്രിക് ഓതന്റിക്കേഷൻ	2023 ആഗസ്റ്റ് 5 മുതൽ 20 വരെ

12. മേൽ പ്രകാരം അപേക്ഷകന്റെ ബയോമെട്രിക് ഓതന്റിക്കേഷൻ പൂർത്തിയാക്കുന്നതിന് സ്ഥാപന മേധാവി (HoI), ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ (INO) എന്നിവരുടെ ബയോമെട്രിക് ഓതന്റിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്. ബയോമെട്രിക് ഓതന്റിക്കേഷൻ പൂർത്തിയാക്കുന്ന സ്കൂൾ/സ്ഥാപനങ്ങൾക്ക് മാത്രമെ തുടർന്ന് ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം അപേക്ഷകളുടെ വെരിഫിക്കേഷൻ നടത്താൻ കഴിയുകയുള്ളൂ.

13. ബയോമെട്രിക് ഓതന്റിക്കേഷൻ പൂർത്തിയാക്കാത്തതും, ആധാർ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാത്തതുമായ അപേക്ഷകരെ തുടർന്ന് സ്കോളർഷിപ്പ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതല്ല.

14. രക്ഷകർത്താവിന്റെ ആധാർ വിവരങ്ങളാണ് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷകൻ നൽകുന്നത് എങ്കിൽ, രക്ഷകർത്താവ് ബയോമെട്രിക് ഓതന്റിക്കേഷൻ നടത്തേണ്ടതാണ്.

15. 2022-23 അധ്യയന വർഷത്തിൽ മേൽ പ്രകാരമുള്ള സ്കോളർഷിപ്പ് പദ്ധതികൾക്ക് അപേക്ഷ സമർപ്പിച്ച ശേഷം സ്കൂളിൽ നിന്നും വിടുതൽ ചെയ്ത കുട്ടികളെ, മേൽ പ്രകാരമുള്ള ബയോമെട്രിക് ഓതന്റിക്കേഷന്റെ ആവശ്യകത ബോധ്യപ്പെടുത്തി ഇതിലേക്കുള്ള പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിന് സ്കൂൾ മേധാവികൾ/ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാർ നിലവിൽ സ്കോളർഷിപ്പ് പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുലർത്തുന്ന ജാഗ്രത പിൻതുടരേണ്ടതാണ്.

16. ബയോമെട്രിക് ഓതന്റിക്കേഷൻ/ആധാർ ഓതന്റിക്കേഷൻ പൂർത്തിയാക്കുന്ന കുട്ടികളുടെ അപേക്ഷകൾ ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ റീവെരിഫിക്കേഷനായി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ വീണ്ടും ലഭ്യമാകുന്നതും, ആയതിൽ 2023 ആഗസ്റ്റ് 23 നകം റീവെരിഫിക്കേഷൻ നടത്തേണ്ടതുമാണ്.

17. മേൽ പ്രകാരം ബയോമെട്രിക് ഓതന്റിക്കേഷൻ പൂർത്തിയാക്കിയ കുട്ടികളുടെ അപേക്ഷകൾ റീവെരിഫിക്കേഷൻ നടത്താത്ത സാഹചര്യം (ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ ബയോമെട്രിക് ഓതന്റിക്കേഷൻ പൂർത്തിയാക്കാത്തതിനാൽ) ഗൗരവമായി കാണേണ്ടി വരുന്നതാണ്. ഇപ്രകാരം കുട്ടികൾക്ക് സ്കോളർഷിപ്പ് നഷ്ടമാകുന്ന സാഹചര്യം സംജാതമാകുന്ന പക്ഷം, ആയത് ബന്ധപ്പെട്ട സ്ഥാപന മേധാവി (HoI), ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ (INO) എന്നിവരുടെ വ്യക്തിപരമായ ബാധ്യതയായി പരിഗണിക്കേണ്ടി വരുന്നതുമാണ്.

18. സ്ഥാപന മേധാവി (HoI), ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ (INO) എന്നിവർക്ക് മാറ്റം

I/397924/2023

ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് മാറ്റി നൽകുന്നതിന് ജില്ലാ നോഡൽ ഓഫീസറുടെ (DNO) കാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്.

19. മേൽ പ്രകാരമുള്ള ബയോമെട്രിക് ഓതന്റിക്കേഷനുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് തലത്തിലോ, അപേക്ഷകർക്കോ ഏതെങ്കിലും തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിനും, സഹായങ്ങൾ ആവശ്യമുള്ള സാഹചര്യത്തിൽ ആയത് ലഭ്യമാക്കുന്നതിനും അതത് ജില്ലകളിലെ ജില്ലാ നോഡൽ ഓഫീസറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്.

20. എല്ലാ ജില്ലാ നോഡൽ ഓഫീസർമാരുടെ കാര്യാലയത്തിലും ഇതിലേക്കായി ഒരു ഹെൽപ് ഡസ്ക് രൂപീകരിക്കേണ്ടതും ആയതിന്റെ സജീവമായ പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ ഹെൽപ് ഡസ്കിലേക്ക് നേരിട്ടും ഫോൺ മുഖാന്തരവും, ഇ-മെയിൽ മുഖാന്തരവും ബന്ധപ്പെടുന്നതിനുള്ള വിവരങ്ങൾ പൊതുബോധ്യത്തിൽ വരത്തക്കവിധം ജില്ലാ നോഡൽ ഓഫീസർ പ്രസിദ്ധീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Shine Mon M K
Date: 05-08-2023 16:19:00 ഷൈൻമോൻ. എം.കെ.
പെൻ നമ്പർ 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) &
സ്റ്റേറ്റ് നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെയും പ്രഥമാധ്യാപകർക്കും

പകർപ്പ് :- വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി